"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എച്ച്2/48/2020/ഐ&പിആർഡി (പാർട്ട് I)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-10-2025

പരിപത്രം

വിഷയം:- ഐ&പിആർഡി - പത്രപ്രവർത്തക / പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ പദ്ധതി - പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 16.09.1993 തീയതിയിലെ സ.ഉ (പി) നം.7/93/ഐ&പിആർ.
2) 04.02.2000 തീയതിയിലെ സ.ഉ (പി) നം.2/2000/പി.ആർ.

പത്രപ്രവർത്തക / പത്രപ്രവർത്തകേതര ക്ഷേമ പെൻഷൻ അപേക്ഷകൾ വ്യക്തമായി പരിശോധിക്കപ്പെടാതെ വകുപ്പിൽ ലഭിക്കുന്നത് കാരണം, പെൻഷൻ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിൽ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ പെൻഷൻ അപേക്ഷകൾ വകുപ്പിൽ സമർപ്പിക്കുമ്പോൾ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും, ചുവടെച്ചേർത്തിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വ്യക്തമായ ശിപാർശ സഹിതം സമർപ്പിക്കുന്നതിനും എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും ശ്രദ്ധ നൽകേണ്ടതാണ്..

1. നിലവിലെ വ്യവസ്ഥകൾ പ്രകാരമാണോ പെൻഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; പെൻഷന് അർഹതയുണ്ടോ എന്നിവ പരിശോധിച്ച് ഓരോ പെൻഷൻ അപേക്ഷയും വെവ്വേറെ സമർപ്പിക്കേണ്ടതാണ്.
2. പെൻഷൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട എല്ലാ രേഖകളും സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. അംശദായം ഒടുക്കിയ പാസ് ബുക്ക് / ഡിഫേസ് ചെയ്ത് ഓൺലൈൻ ചലാൻ വ്യക്തമായി പരിശോധിച്ച് അപേക്ഷകൻ അംശദായം കൃത്യമായി ഒടുക്കിയിട്ടുണ്ടോ; മുടക്കം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; ഏതു കാലയളവ് തുടങ്ങിയവ രേഖപ്പെടുത്തേണ്ടതാണ്.
4. പദ്ധതി അംഗത്വം റദ്ദായിട്ടുണ്ടോ; എത്ര തവണ; അംഗത്വം റദ്ദായിപ്പോയിട്ടുണ്ടെങ്കിൽ ഏതു ഉത്തരവ് / നിർദ്ദേശപ്രകാരമാണ് പുനഃസ്ഥാപിക്കപ്പെട്ടത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
5. അംശദായ ഇനത്തിൽ ആകെ എത്ര രൂപ ഒടുക്കിയിട്ടുണ്ട്; കുടിശ്ശികയിനത്തിൽ ഇനി എത്ര ഒടുക്കാനുണ്ട് എന്ന് തിട്ടപ്പെടുത്തി രേഖപ്പെടുത്തേണ്ടതാണ്.
6. അംശദായം ഒടുക്കിയതിന്റെ ഡീഫേസ്ഡ് ഓൺലൈൻ ചലാൻ കോപ്പി ആവർത്തനം കൂടാതെ സമർപ്പിക്കേണ്ടതാണ്.

JAYAKUMAR S
DEPUTY DIRECTOR

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ, കേരള ഹൗസ്, ന്യൂഡൽഹി
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Jose L P
Date: 04-10-2025 16:59:46
സെക്ഷൻ ഓഫീസർ

പകർപ്പ് :- ഐ&പിആർഡി ഡയറക്ടറുടെ സി.എ യ്ക്ക്
ഐ&പിആർഡി അഡീഷണൽ ഡയറക്ടറുടെ (പി&സി) സി.എ യ്ക്ക്
ഐ&പിആർഡി ഡെപ്യൂട്ടി ഡയറക്ടർക്ക് (പെൻഷൻ)